134 (760) അരുവിക്കരയിലെ പി.എച്ച്. സെന്റർ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ അരുവിക്കരയിൽ ഇരുപത് കിടക്കകളോടുകൂടിയ ആശുപത്രി എന്നാണ് പഞ്ചായത്ത് സർക്കാരിന് കൈമാറിയത്;

(ബി) ഇവിടെ ഹോസ്റ്റലിന് വേണ്ടിയുള്ള എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ;

(സി) പൊതുജനങ്ങൾക്കായി ഇ.പി.എച്ച്. സെന്റർ എന്നുമുതൽ തുറന്നു പ്രവർത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിന് നാളിതുവരെ വാർഡ് കെട്ടിടം കൈമാറിയിട്ടില്ല.

(ബി)&(സി) ആശുപത്രിക്കാവശ്യമായ തസ്തിക സൃഷ്ടിക്കുക, മരുന്ന്, ആധുനിക ചികിത്സാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ സർക്കാർ തലത്തിൽ ചെയ്യുന്നു. അരുവിക്കര പഞ്ചായത്ത് കെട്ടിടം പണി പൂർത്തിയാക്കി മറ്റടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി ആരോഗ്യ വകുപ്പിനെ ഏൽപ്പിച്ചശേഷം മാത്രമേ ഇക്കാര്യം തീരുമാനിക്കുവാൻ കഴിയുകയുള്ളൂ.

135 (761) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂളുകൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ നിലവിൽ എത്ര ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂളുകളാണ് പ്രവർത്തിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) സ്വകാര്യമേഖലയിൽ എത്ര എണ്ണം പ്രവർത്തിച്ചു വരുന്നുണ്ട്;

(സി) സർക്കാർമേഖലയിൽ മുൻപ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ പ്രവർത്തിക്കാത്തതുമായ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂളുകൾ ഏതൊക്കെയാണെന്നറിയിക്കുമോ;

(ഡി) ഇവയുടെ പ്രവർത്തനം ആരംഭിക്കാൻവേണ്ട നടപടികൾ കൈക്കൊള്ളുമോ;

(ഇ) എന്നുമുതൽ ഇവയുടെ പ്രവർത്തനം ആരംഭിക്കും എന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ 13 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് ട്രെയിനിംഗ് സ്കൂളുകളാണ് പ്രവർത്തിച്ചുവന്നിരുന്നത്. എന്നാൽ 9/96 മുതൽ പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly